No: 1029/MCA/2013/TA.2/CEE

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## സർക്കാർ, എയ്ഡഡ്,സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എം.സി.എ. കോഴ്സ് 2013- 14 പ്രവേശനം രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഷെഡ്യൂൾ

കേരളത്തിലെ സർക്കാർ, എയ്ഡഡ്, സർക്കാർനിയന്ത്രിത /സ്വകാര്യ സ്വാശ്രയ കോളേജുകളിലെ 2013 - 14 വർഷത്തെ എം.സി.എ. കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് **24.11.2013 ( ഞായറാഴ്ച )** നടത്തുന്നതാണ്.

വിദ്യാർത്ഥികൾക്ക് **22.11.2013** മുതൽ **23.11.2013 വൈകുന്നേരം 4 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ പുന:ക്രമീകരിക്കുകയും ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ റദ്ദാക്കുകയും ചെയ്യാവുന്നതാണ്.

ഈ അലോട്ട്മെന്റിൽ താഴെപറയുന്ന കോളേജുകളിലേക്ക് പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്.

| നം | കോളേജുകളുടെ പേരും മേൽവിലാസവും | കോളേജ് കോഡ് | സീറ്റുകൾ | ഫീസ് (രൂപ) |
|---|---|---|---|---|
| | **സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ** | | | |
| 1 | Mount Zion College of Engineering, Kadammanitta,Pathanamthitta | MZC | 30 | 50000 |
| 2 | Musaliar College of Engineering & Technology, Pathanamthitta | MCK | 30 | 50000 |

ഒന്നാം ഘട്ട അലോട്ടുമെന്റിൽ ലഭിച്ച അഡ്മിഷൻ തൃപ്തികരമാണെങ്കിൽ വിദ്യാർത്ഥികൾ തങ്ങളുടെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം അവരുടെ ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ടത്തിലേയ്ക്ക് പരിഗണിക്കുന്നതും തുടർന്നുള്ള അലോട്ട്മെന്റ് പ്രകാരം മാറ്റം ലഭിക്കുന്ന കോളേജുകളിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതുമാണ്.

**<u>വിശദമായ അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:</u>**

| | |
|---|---|
| 22.11.2013 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 23.11.2013, വൈകുന്നേരം 4 മണി | ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന്/ പുന:ക്രമീകരിക്കുന്നതിന്/റദ്ദാക്കുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **24.11.2013**, വൈകുന്നേരം 4 മണി | **രണ്ടാംഘട്ട അലോട്ട്മെന്റ്** |
| 25.11.2013 മുതൽ 27.11.2013 വരെ | പുതിയതായി അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിൽ ഫീസ്/ബാക്കി ഫീസ്/തുക ഒടുക്കണം. |
| 25.11.2013 മുതൽ 27.11.2013 വരെ | ഒന്നാം ഘട്ടത്തിലോ രണ്ടാം ഘട്ടത്തിലോ അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ കോളേജ് പ്രിൻസിപ്പൽമാർ മുമ്പാകെ നേരിട്ട് ഹാജരായി പ്രവേശനം നേടണം. |
| 27.11.2013, വൈകുന്നേരം 5.30 | കോളേജ് പ്രിൻസിപ്പൽമാർ നോൺജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് എടുത്ത് ഒപ്പ് രേഖപ്പെടുത്തിയശേഷം ഫാക്സ് മുഖേനയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. |

പുതിയതായി അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിലൊന്നിൽ മുകളിൽ സൂചിപ്പിച്ച തീയതികളിൽതന്നെ ഫീസൊടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./ എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം.(എം.എസ്.) 25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) നിർദ്ദിഷ്ട ശാഖകളിലൊന്നിൽ **100/- രൂപ** അടച്ച് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

**ഫീസ്:**

എം.സി.എ. കോഴ്സിന് സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകൾക്കും, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ സർക്കാർ സീറ്റുകൾക്കും വാർഷിക ട്യൂഷൻ ഫീസ് **7,000/-** രൂപയാണ്. സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റ് ുകൾക്ക് വാർഷിക ട്യൂഷൻ ഫീസ് **38,500/-** രൂപയാണ്. മൂവാറ്റുപുഴ ക്രൈസ്റ്റ് നോളഡ്ജ് സിറ്റി ഒഴികെയുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മെരിറ്റ് സീറ്റുകൾക്ക് ട്യൂഷൻ ഫീസ് **50,000/-** രൂപയാണ്. മൂവാറ്റുപുഴ ക്രൈസ്റ്റ് നോളഡ്ജ് സിറ്റിയിലെ മെരിറ്റ് സീറ്റിനുള്ള ട്യൂഷൻ ഫീസ് **7,000/-** രൂപയാണ്.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ :**

1. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് മെമ്മോ.
2. ബാങ്കിൽ ഫീസ് അടച്ചതിന്റെ രസീത്.
3. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്.
4. എസ്.എസ്.എൽ.സി. / ജനന തീയതി തെളിയിക്കുന്നതിനുള്ള മറ്റ് സ്കൂൾ രേഖകൾ.
5. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റുകളും, പാസ്സ് സർട്ടിഫിക്കറ്റും.
6. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും, സ്വഭാവ സർട്ടിഫിക്കറ്റും.
7. സമീപ കാലത്ത് എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ നിന്നോ, ബോർഡുകളിൽ നിന്നോ യോഗ്യതാപരീക്ഷ പാസ്സായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റികൾ നൽകുന്ന "എലിജിബിലിറ്റി സർട്ടിഫിക്കറ്റ്" **.**
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.
10. സർക്കാർ/അർദ്ധ സർക്കാർ/ബാങ്ക് മുതലായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അപേക്ഷകർ ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും, സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

**ഒന്നാം ഘട്ടത്തിലോ, രണ്ടാം ഘട്ടത്തിലോ അലോട്ട്മെന്റ് ലഭിച്ചവർ അതത് കോളേജുകളിൽ നിർദ്ദിഷ്ട തീയതികളിൽതന്നെ അഡ്മിഷൻ നേടേണ്ടതാണ്. അല്ലാത്തപക്ഷം അത്തരം വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അവരെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ നിന്നും ഒഴിവാക്കുന്നതുമാണ്.**

കോളേജ് പ്രിൻസിപ്പൽമാർ പ്രോസ്പക്ടസിലെ 5 (b), 11.8 (b) എന്നീ ക്ലോസുകൾ പ്രകാരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതയും രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷമാണ് പ്രവേശനം നൽകേണ്ടത്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും അടങ്ങുന്ന പ്രോസ്പക്ടസ് www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471- 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

21.11.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ-ഇൻ ചാർജ്ജ്**